ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 11-02-2026** | പ്രധാന വാർത്തകൾ | **TIME: 07.25 PM**

1. കേന്ദ്ര ബജറ്റിൻമേലുള്ള സജീവ ചർച്ചക്ക് വേദിയായി പാർലമെന്റ്, രാജ്യത്ത് ശക്തമായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് സർക്കാർ മുൻകൈയെടുക്കുന്നതെന്ന് ബജറ്റ് ചർച്ചയ്ക്ക് ലോക്സഭയിൽ മറുപടി നൽകി ധനമന്ത്രി നിർമല സീതാരാമൻ.

   **Parliament witnessed active discussions on the Union Budget. Replying to the budget debate in the Lok Sabha, Finance Minister Nirmala Sitharaman stated that the government is giving push to build robust infrastructure in the country.**

2. ധവളവിപ്ലവം 2.0 യ്ക്ക് കീഴിൽ രാജ്യത്ത് പാൽ ഉൽപ്പാദനവും സംഭരണവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമെന്ന് കേന്ദ്ര സർക്കാർ.

   **The Central Government announced plans to significantly increase milk production and procurement in the country under the White Revolution 2.0 initiative.**

3. ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങളിൽ കേരളത്തിന് തിളക്കമാർന്ന നേട്ടം, മികവിന്റെ അംഗീകാരവുമായി പഞ്ചായത്തുകൾ.

   **Kerala shines at the National Panchayat Awards. Panchayats recognized for excellence.**

4. മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള പരിഷ്കരിച്ച നയത്തിനും പുതിയ വനിതാ നയത്തിനും അംഗീകാരം നൽകി സംസ്ഥാന മന്ത്രിസഭായോഗം.

   **The Kerala State Cabinet has approved a revised policy for senior citizens and a new policy for women's empowerment.**

5. കേരളത്തിൽ പൂർത്തിയാക്കിയ 30 റോഡുകളും 6 പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിച്ചു.

   **Chief Minister Pinarayi Vijayan inaugurated and dedicated 30 roads and 6 bridges to the state, marking the completion of these key infrastructure projects.**

6. ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ആവേശകരമായ മത്സരത്തിൽ അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക.

   **In a thrilling encounter, South Africa defeated Afghanistan to secure a victory in the ICC Men's T20 Cricket World Cup.**

&&&&&&&&&&&&&&&&&

## PARLIAMENT (INTRO)

2026-27 ലെ കേന്ദ്രബജറ്റിന്മേലുള്ള ചർച്ചകൾ പാർലമെന്റിന്റെ ഇരു സഭകളിലും നടന്നു. വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ ബജറ്റിനെ അനുകൂലിച്ചും പ്രതികൂലിച്ചും സംസാരിച്ചു. നടപടികൾ പൂർത്തിയാക്കി രാജ്യസഭയും ലോക്സഭയും ഇന്നത്തേക്ക് പിരിഞ്ഞു.

**വിശദാംശങ്ങളിലേക്ക്...**

*(വോയിസ്)*

*2047 ഓടെ വികസിത ഇന്ത്യ എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിത്തറ പാകുന്നതാണ് കേന്ദ്ര*

ബജറ്റെന്ന് ലോക് ജൻ ശക്തി പാർട്ടി അംഗം അരുൺ ഭാരതി പറഞ്ഞു. ബജറ്റ് എംഎസ്എംഇ മേഖലയെ ശക്തിപ്പെടുത്തുകയും ഉൽപ്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു. നിർമിത ബുദ്ധിക്ക് ബജറ്റിൽ കൂടുതൽ പരിഗണന നൽകിയിരിക്കുന്നത് തൊഴിൽ മേഖലയിൽ വെല്ലുവിളി ഉയർത്തുമെന്ന് ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി വിമർശനമുന്നയിച്ചു. ഡിജിറ്റൽ വ്യാപാര നിയമത്തെക്കുറിച്ച് പരാമർശിക്കവേ ഇന്ത്യ യുഎസ് വ്യാപാര കരാറിന്റെ വിഷയം ഉന്നയിച്ച രാഹുൽ ഗാന്ധി രാജ്യത്ത് ഡേറ്റ സുരക്ഷ ഉറപ്പാക്കണമെന്നും ആവശ്യപ്പെട്ടു.

(ഹോൾഡ് വോയിസ്)

അതേസമയം പാർലമെന്റിൽ ഉന്നയിക്കുന്ന ആരോപണങ്ങൾ ചട്ടങ്ങളും നടപടിക്രമങ്ങളും പാലിച്ചായിരിക്കണമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ചെയറിന്റെ റൂളിംഗിന് ശേഷവും രാഹുൽ ഗാന്ധി ഉന്നയിച്ച ആരോപണങ്ങളുടെ ആധികാരികത തെളിയിക്കേണ്ടതുണ്ടെന്ന് കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

(ഹോൾഡ് വോയിസ്)

രാജ്യസഭയിലും ബജറ്റിൻമേൽ സജീവ ചർച്ച നടന്നു. ബജറ്റ് കേരളത്തെ അവഗണിച്ചതായി ഐയുഎംഎല്ലിന്റെ ഹാരിസ് ബീരാൻ ആരോപിച്ചു. ലോകത്തെ നയിക്കാനുള്ള കഴിവും സംരംഭകത്വവും ഇന്ത്യയ്ക്കുണ്ടെന്ന് മുൻ പ്രധാനമന്ത്രിയും ജെഡി (എസ്) നേതാവുമായ എച്ച് ഡി ദേവഗൗഡ പറഞ്ഞു. ശക്തമായ ഭാവി ഉറപ്പാക്കുന്നതിനുള്ള സമ്പദ്‌വ്യവസ്ഥ ബജറ്റ് വിഭാവനം ചെയ്യുന്നതായും അദ്ദേഹം വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി...

************************

## NIRMALA SITARAMAN (INTRO)

രാജ്യത്ത് ശക്തമായ അടിസ്ഥാന സൗകര്യ വികസനത്തിലാണ് സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. തൊഴിൽ മേഖലയ്ക്ക്, പ്രത്യേകിച്ച് സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയ്ക്കാണ് ഊന്നൽ നൽകിയിട്ടുള്ളതെന്ന് ലോക്സഭയിൽ ബജറ്റ് ചർച്ചയ്ക്ക് മറുപടി നൽകികൊണ്ട് ശ്രീമതി സീതാരാമൻ പറഞ്ഞു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവർത്തിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്........)

*************************

## RAJYA SABHA-DAIRY SECTOR

ധവളവിപ്ലവം 2.0 യ്ക്ക് കീഴിൽ രാജ്യത്ത് പാൽ ഉൽപ്പാദനവും സംഭരണവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുന്നതായി കേന്ദ്ര സഹകരണ വകുപ്പ് സഹമന്ത്രി മുരളീധർ മോഹോൾ. പ്രതിദിന പാൽ ഉൽപ്പാദനം 660 ലക്ഷം കിലോഗ്രാമിൽ നിന്ന് 1,007 ലക്ഷം കിലോഗ്രാമായി ഉയർത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം രാജ്യസഭയിൽ ചോദ്യോത്തര വേളയിൽ പറഞ്ഞു. അടുത്ത അഞ്ചു വർഷത്തിൽ പാലുത്പാദനം 50 ശതമാനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമെന്നും കേന്ദ്രസഹമന്ത്രി വ്യക്തമാക്കി.

*************************

## RIJIJU-RAHUL GANDHI

ബജറ്റ് ചർച്ചയ്ക്കിടെ ലോക്സഭയിൽ അടിസ്ഥാനരഹിതമായ പ്രസ്താവനകൾ നടത്തി രാഹുൽ ഗാന്ധി സഭയെ തെറ്റിദ്ധരിപ്പിച്ചതായും ഇതിനെതിരെ അവകാശലംഘന നോട്ടീസ് നൽകുമെന്നും കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ രാഹുൽ ഗാന്ധി വ്യാജ ആരോപണങ്ങളാണ് ഉന്നയിച്ചതെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്രമന്ത്രി ഹർദീപ് സിംഗ്

പൂരിയ്ക്കെതിരെ ആരോപണങ്ങൾ ഉന്നയിച്ചതിനെയും അദ്ദേഹം വിമർശിച്ചു.

************************

## SURESH GOPI

2047 ൽ വികസിതഭാരതമെന്ന പ്രധാനമന്ത്രിയുടെ ലക്ഷ്യത്തെ സാക്ഷാത്കരിക്കാൻ ചവിട്ടുപടിയാകുന്നതാണ് കേന്ദ്ര ബജറ്റെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. വനിതകളെയും, യുവജനങ്ങളെയും സംരംഭകരാക്കുന്നതിന് ബജറ്റിൽ പ്രാമുഖ്യം നൽകിയിട്ടെന്നും അദ്ദേഹം കൊല്ലത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. കേരളത്തിൽ എയിംസ് വരുമെന്നും, എന്നാൽ സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായില്ലെന്നും ശ്രീ സുരേഷ് ഗോപി ആരോപിച്ചു.

************************

## PM ASSAM VISIT-14 FEB

പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ മാസം 14ന് അസം സന്ദർശിക്കും. വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കും. വടക്കുകിഴക്കൻ മേഖലയിലെ ആദ്യത്തെ ഹൈവേ അധിഷ്ഠിത അടിയന്തര ലാൻഡിംഗ് സ്ട്രിപ്പായ ചബുവയിലെ ദിബ്രുഗഡ്-മോറാൻ സ്ട്രെച്ചിൽ നിന്ന് പ്രധാനമന്ത്രി പറന്നുയരും. ബ്രഹ്മപുത്രയ്ക്ക് കുറുകെ പുതുതായി നിർമ്മിച്ച കുമാർ ഭാസ്കർവർമൻ പാലത്തിന്റെയും ഗുവാഹത്തിയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ താൽക്കാലിക കാമ്പസും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കേന്ദ്ര ധനസഹായത്തോടെ നിർമ്മിച്ച 100 ഇലക്ട്രിക് ബസുകൾ പ്രധാനമന്ത്രി കൈമാറും. അമിൻഗാവിൽ ഹൈപ്പർസ്കെയിൽ ഡാറ്റാ സെൻററും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഗുവാഹത്തിയിൽ ബിജെപി പാർട്ടി പ്രവർത്തകരുടെ യോഗത്തെയും ശ്രീ മോദി അഭിസംബോധന ചെയ്യും.

************************

## CABINET MEETING

മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള പരിഷ്കരിച്ച കേരള സംസ്ഥാന നയം മന്ത്രിസഭായോഗം അംഗീകരിച്ചു. കേരളത്തിലെ മുതിർന്ന പൗരന്മാരുടെ അന്തസ്സും ക്ഷേമവും സജീവ പങ്കാളിത്തവും ഉറപ്പാക്കുക എന്ന കാഴ്ചപ്പാടോടെയാണ് പുതിയ വയോജന നയത്തിന് രൂപം നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് സമഗ്രമായ ലിംഗനീതി ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പുതിയ വനിതാ നയത്തിനും മന്ത്രിസഭായോഗം അംഗീകാരം നൽകി. ബേപ്പൂർ തുറമുഖം പിപിപി മാതൃകയിൽ വികസിപ്പിക്കാനും മന്ത്രി സഭാ യോഗത്തിൽ തീരുമാനമായി.

*************************

## CM - BRIDGE, ROAD

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കുമ്പിച്ചൽക്കടവ് പാലത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. സംസ്ഥാനത്ത് പൂർത്തിയാക്കിയ 30 റോഡുകളും 6 പാലങ്ങളും മുഖ്യമന്ത്രി ഇതോടൊപ്പം നാടിന് സമർപ്പിച്ചു. പാലക്കാട്, നവീകരിച്ച മുണ്ടൂർ-തൂത നാലുവരി സംസ്ഥാന പാതയും, ആലപ്പുഴയിലെ മാരാരിക്കുളം - തുമ്പോളി റെയിൽവേ സ്റ്റേഷൻ റോഡ്, ഫേസ് നാല്-അഞ്ച് പ്രവൃത്തികളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിച്ചു.

*************************

## BEST PERFORMING PANCHAYATS

ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങളിൽ കേരളത്തിന് തിളക്കമാർന്ന നേട്ടം. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം പുറത്തുവിട്ട 2023, 2024 വർഷങ്ങളിലെ പുരസ്കാരങ്ങളിൽ കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വിവിധ വിഭാഗങ്ങളിലായി പുരസ്കാരങ്ങൾ കരസ്ഥമാക്കി. ആലപ്പുഴ ജില്ലയിലെ ചെറുതന, വീയപുരം, തൃശ്ശൂർ ജില്ലയിലെ അളഗപ്പനഗർ, മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ്, വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തുകളാണ് രണ്ടു വർഷങ്ങളിലെ വിവിധ വിഭാഗങ്ങളിൽ പുരസ്കാരം നേടിയത്.

*************************

## AIR FORCE-VAYU SHAKTI (INTRO)

ഇന്ത്യൻ വ്യോമസേനയുടെ കരുത്തും പ്രഹരശേഷിയും വിളിച്ചോതുന്ന 'വായു ശക്തി' അഭ്യാസപ്രകടനം ഈ മാസം 27-ന് രാജസ്ഥാനിലെ പൊഖ്റാനിൽ നടക്കും. ഇന്ന് ന്യൂഡൽഹിയിൽ നടന്ന വാർത്താസമ്മേളനത്തിൽ വ്യോമസേനാ ഉപമേധാവി എയർ മാർഷൽ നാഗേഷ് കപൂർ ആണ് ഇക്കാര്യം അറിയിച്ചത്. വ്യോമാഭ്യാസത്തിൽ റഫാൽ, തേജസ്, സുഖോയ് ഉൾപ്പെടെയുള്ള 77 യുദ്ധവിമാനങ്ങൾ, 43 ഹെലികോപ്റ്ററുകൾ, 8 ചരക്ക് വിമാനങ്ങൾ എന്നിവ അണിനിരക്കും. ഇവയ്ക്കുപുറമെ രണ്ട് പുതിയ ആയുധങ്ങൾ കൂടി ആദ്യമായി പരീക്ഷിക്കുമെന്ന് അദ്ദേഹം അറിയിച്ചു. ഭീകരവാദം വെച്ചുപൊറുപ്പിക്കില്ലെന്നും രാജ്യത്തിന് നേരെയുള്ള ഓരോ ആക്രമണത്തിനും തക്കതായ മറുപടി നൽകും എന്നുമാണ് ഓപ്പറേഷൻ സിന്ദൂറിന്റെ സന്ദേശമെന്ന് എയർ മാർഷൽ പറഞ്ഞു.

(ഹോൾഡ് വോയിസ്)

************************

## T20 CRICKET

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ആവേശകരമായ മത്സരത്തിൽ അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തി ദക്ഷിണാഫ്രിക്ക. മത്സരം സമനിലയിൽ കലാശിച്ചതിനെ തുടർന്ന് രണ്ടാം സൂപ്പർ ഓവറിലേക്ക് കടന്ന മത്സരത്തിൽ അവസാന പന്തിലാണ് ദക്ഷിണാഫ്രിക്ക അഫ്ഗാനിസ്ഥാനെതിരെ നാലു റൺസിന്റെ വിജയം ഉറപ്പിച്ചത്. ദക്ഷിണാഫ്രിക്ക ഉയർത്തിയ 24 റൺസ് വിജയലക്ഷ്യം പിന്തുടർന്ന അഫ്ഗാനിസ്ഥാന് 19 റൺസേ നേടാനായുള്ളു. ടി20 ലോകകപ്പ് രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയ അയർലൻഡിനെ 67 റൺസിന് പരാജയപ്പെടുത്തി. മൂന്നാം മത്സരത്തിൽ ടോസ് നേടിയ ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസിനെ ബാറ്റിംഗിനയച്ചു.

*************************

## SABARIMALA

കുംഭമാസ പൂജകൾക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് തുറക്കും. വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി ഇ.ഡി പ്രസാദ് നടതുറന്ന് ദീപം തെളിയിക്കും. കുംഭമൊന്നായ 13ന് രാവിലെ അഞ്ചിനു നട തുറന്നു പൂജകൾ ആരംഭിക്കും. കുംഭമാസ പൂജകൾ പൂർത്തിയാക്കി 17ന് നട അടയ്ക്കും.

*************************

## SIR

സംസ്ഥാനത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണ നടപടികൾ മികച്ച രീതിയിൽ പുരോഗമിക്കുന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. ഖേൽക്കർ. നിശ്ചയിച്ചതിനേക്കാൾ രണ്ട് ദിവസം മുൻപേ നടപടികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും തിരഞ്ഞെടുപ്പിന് മുന്നോടിയായി ഇടുക്കി ജില്ലയിലെ ഇടമലക്കുടി സന്ദർശിച്ച ശേഷം അദ്ദേഹം പറഞ്ഞു. ഈ മാസം 21-നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

*

********

***************************************